# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.291 13.03.2017 ൽ മറുപടിയ്ക്ക്

**വാഹനങ്ങളിലെ അതിപ്രകാശമുള്ള ലൈറ്റുകൾ**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന നിയമത്തിൽ, വാഹനങ്ങളിൽ അതിപ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ; | (എ) | 1989-ലെ കേന്ദ്ര മോട്ടോർവാഹന ചട്ടം 138(5) പ്രകാരം p 45 t cap ഉള്ള ഹാലജൻ ലൈറ്റുകൾ ഹെഡ് ലൈറ്റായി ഉപയോഗിക്കുവാൻ പാടുള്ളതല്ല. കൂടാതെ ഹാലജൻ ബൾബിന്റെ വാട്ടേജ് 24 വോൾട്ട് സിസ്റ്റത്തിന് 70/75 വാട്ട്സിൽ കൂടുവാനോ 12 വോൾട്ട് സിസ്റ്റത്തിന് 60/65 വാട്ട്സിൽ കൂടുവാനോ പാടുള്ളതല്ല. |
| (ബി) | നിയമത്തിൽ വ്യവസ്ഥയില്ലാത്ത ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിച്ച് കൊടുക്കുന്നത് ഏത് ചട്ടപ്രകാരമാണ്; | (ബി)<br>&<br>(സി) | 1989- ലെ കേന്ദ്ര മോട്ടോർവാഹന വാഹന ചട്ടം 126 പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള ദേശീയതലത്തിലുള്ള വാഹന ടെസ്റ്റിംഗ് ഏജൻസികൾ പരിശോധിച്ച് അപ്രൂവൽ നൽകിയിട്ടുള്ള വാഹനങ്ങൾ മാത്രമാണ് മോട്ടോർവാഹന വകുപ്പ് രജിസ്റ്റർ ചെയ്തു നൽകുന്നത്. ലൈറ്റുകളുടെ പ്രകാശ തീവ്രത ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായ പരിശോധനകൾ നടത്തി മാത്രമാണ് ഇത്തരം ഏജൻസികൾ വാഹനങ്ങൾക്ക് അപ്രൂവൽ നൽകുന്നത്. അതിനാൽ നിരോധിക്കപ്പെട്ട തരത്തിലുള്ള ലൈറ്റുകൾക്ക് അപ്രൂവലും അതിന്റെ അടിസ്ഥാനത്തിലുള്ള രജിസ്ട്രേഷനും ലഭിക്കുകയില്ല. |
| (സി) | ഇത്തരം ലൈറ്റുകൾ നിർമ്മാണവേളയിൽ തന്നെ ഫിറ്റ് ചെയ്യുന്നതാണ് എന്ന ഒറ്റക്കാരണത്താൽ, പുതിയ, വാഹനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിച്ചുകൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | | |
| (ഡി) | പഴയവാഹനങ്ങളിൽ പ്രസ്തുത ലൈറ്റ് ഘടിപ്പിക്കുന്നതിന് ഫൈൻ ഈടാക്കുകയും പുതിയവയ്ക്ക് ആയത് അനുവദിച്ച് രജിസ്ട്രേഷൻ കൊടുക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഡി) | രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം വാഹന ഉടമകൾ പ്രകാശ തീവ്രത കൂടിയ ലൈറ്റുകളും കൂടുതൽ ലൈറ്റുകളും വാഹനത്തിൽ ഘടിപ്പിക്കുന്നതായിട്ടാണ് പരിശോധനയിൽ വ്യക്തമാവുന്നത്. ഈ സാഹചര്യത്തിലാണ് ഇത്തരം നിയമലംഘകരിൽ നിന്നും പിഴ ഈടാക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരം ലൈറ്റുകളുടെ അതിതീവ്രമായ വെളിച്ചം എതിരെ വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ കാഴ്ചമറച്ച് അപകടങ്ങൾ ഉണ്ടാക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഇ) | മോട്ടോർവാഹന വകുപ്പ് രാത്രികാല പരിശോധനകൾ നടത്തി വരുന്നുണ്ട്. കൂടാതെ പ്രകാശ തീവ്രത കണ്ടുപിടിക്കാനായി ലക്സ് മീറ്റർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങാൻ മോട്ടോർവാഹന വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി പ്രസ്തുത ലൈറ്റുകൾ ഉപയോഗിക്കുന്ന പുതിയതോ പഴയതോ ആയ എല്ലാത്തരം വാഹനങ്ങൾക്കും അനുമതി നിഷേധിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എഫ്) | ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങളെ നിരോധിക്കുന്നതിനുള്ള നിയമം ഇപ്പോൾ നിലവിലില്ല. ഇത്തരം ലൈറ്റുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, വാഹനങ്ങൾക്ക് താൽക്കാലിക സ്റ്റോപ്പ് മെമ്മോ നൽകി ഇത്തരം ലൈറ്റുകൾ മാറ്റിയതിനുശേഷം മാത്രമേ നിരത്തിൽ തുടർന്ന് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നുള്ളൂ. |

**സെക്ഷൻ ഓഫീസർ**